പതിമൂന്നാം കേരള നിയമസഭ

ആറാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1062 — 13.12.2012ൽ മറുപടിയ്ക്ക്

സംസ്ഥാനത്തെ സർവ്വകലാശാല നിയമനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.എഫ്.തോമസ്,<br>ശ്രീ.റ്റി.യു.കുരുവിള | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

എ സംസ്ഥാനത്തെ സർവ്വകലാശാല നിയമനങ്ങൾ പി.എസ്.സി വഴി നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

എ സംസ്ഥാനത്തെ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങൾ പി.എസ്.സി ക്കു നൽകുന്നതിലേക്കായി പ്രസ്തുത സർവ്വകലാശാല കളിലെ ആക്റ്റുകളിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

ബി സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ബി സർവ്വകലാശാലകൾ സ്വയംഭരണ സ്ഥാപനങ്ങളാണ്, അതുകൊണ്ടു തന്നെ സർവ്വകലാശാലകളുടെ അധികാരങ്ങൾക്കുമേൽ ഒരു പരിധിയിൽ കൂടുതൽ നിയന്ത്രണങ്ങൾ അടിച്ചേൽപ്പിക്കുവാൻ സാധ്യമല്ല. സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങൾ പി.എസ്.സി ക്കു വിടുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു.

സെക്ഷൻ ഓഫീസർ